സി.ആർ 1532/2023

കാർഷിക വികസന കർഷക ക്ഷേമ
വകുപ്പ് ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം
തീയതി: 05/02/2024

# സർക്കുലർ

വിഷയം:- കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്- SCORE- കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമയബന്ധിതമായി സമർപ്പിക്കുന്നത്- സംബന്ധിച്ച്.

സൂചന:- 1. 24/04/2023 ലെ കൃഷി (ഇ ബി ) വകുപ്പിന്റെ EB1/57/2223 നമ്പർ സർക്കുലർ.
2. ഈ ഓഫീസിലെ 05/10/2023, 22/12/2023, 08/01/2023 എന്നീ സർക്കുലറുകൾ.

കാർഷിക വികസന കർഷക ക്ഷേമ വകുപ്പിലെ വിവിധ തസ്തികകളിൽ ഉദ്യോഗക്കയറ്റം നൽകുന്നതിനുള്ള 2023 വർഷത്തെ ഫീൽഡ് ഓഫ് ചോയ്സിൽ ഉൾപ്പെട്ട എല്ലാ ഉദ്യോഗസ്ഥരും 2023 വർഷത്തെ കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിക്കുവാൻ സൂചന (2) പ്രകാരം നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ചില ഉദ്യോഗസ്ഥർ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ സമയബന്ധിതമായി സമർപ്പിച്ചതായി കാണുന്നില്ല.

സർക്കാർ ഉദ്യോഗസ്ഥരെ സംബന്ധിച്ച് സർക്കാർ സൂക്ഷിക്കേണ്ട ഒരു പ്രധാന രേഖയാണ് കോൺഫിഡൻഷ്യൽ റിപ്പോർട്ട്. ആയതിനാൽ കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിക്കാതിരിക്കുന്നത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും, റിപ്പോർട്ടിംഗ് / റിവ്യൂവിംഗ് ഓഫീസറുടെ ഭാഗത്തു നിന്നുമുള്ള ഗുരുതരമായ അച്ചടക്ക ലംഘനവും കൃത്യവിലോപവും സർക്കാർ സർവ്വീസ് ചട്ടങ്ങളോടുള്ള വെല്ലുവിളിയുമാണ് . മേലിൽ ഇത്തരം പ്രവണത ആവർത്തിക്കാതിരിക്കാൻ എല്ലാ റിപ്പോർട്ടിംഗ് / റിവ്യൂവിംഗ് ഓഫീസർമാരും അവരുടെ കീഴിൽ ഉള്ള ഉദ്യോഗസ്ഥർ യഥാസമയം കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിക്കുന്നുണ്ടോ എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിക്കുവാൻ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥരോട് വിശദീകരണം തേടേണ്ടതാണ്. ആയത് തൃപ്തികരം അല്ലാത്തപക്ഷം പ്രസ്തുത വിവരം കൃഷി ഡയറക്ടർക്ക് രേഖാമൂലം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ചില ഉദ്യോഗസ്ഥർ നാളിതുവരെയും SCORE ൽ രജിസ്റ്റർ ചെയ്തതായി കാണുന്നില്ല. പ്രസ്തുത ഉദ്യോഗസ്ഥർ അടിയന്തിരമായി SCORE ൽ രജിസ്റ്റർ

ചെയ്യുവാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. രജിസ്റ്റർ ചെയ്യാത്ത ഉദ്യോഗസ്ഥരെ ഡി.പി.സി യിൽ നിന്നും പൂർണ്ണമായി ഒഴിവാക്കുന്നതാണ്.

2022/2023 കലണ്ടർ വർഷത്തെ കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിക്കുവാനുള്ള ഉദ്യോഗസ്ഥർ അവരുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ 2 ദിവസത്തിനകം SCORE മുഖേന സമർപ്പിക്കേണ്ടതാണ്. മേൽ പ്രസ്താവിച്ച കാര്യങ്ങളിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശനമായ അച്ചടക്ക നടപടി കൈക്കൊള്ളുന്നതായിരിക്കും.

SENIOR ADMINISTRATIVE OFFICER (1/c)
Directorate of Agriculture
Vikas Bhavan, Thiruvananthapuram-33

**കാർഷിക വികസന കർഷക ക്ഷേമ**
**വകുപ്പ് ഡയറക്ടർക്കുവേണ്ടി**

പകർപ്പ്

1. എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും
2. ഡയറക്ടറുടെ നേരിട്ട് നിയന്ത്രണത്തിലുള്ള എല്ലാ ഓഫീസുകൾക്കും.
3. പ്രോജക്ട് ഡയറക്ടർ, ആത്മ
4. സ്റ്റേറ്റ് എഞ്ചിനീയർ
5. എക്സിക്യൂട്ടീവ് എഞ്ചിനീയർ (അഗ്രി) കോഴിക്കോട്, ആലപ്പുഴ
6. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ (അഗ്രി)
7. കൃഷി അസിസ്റ്റന്റ് ഡയറക്ടർമാർക്കും
8. സമേതി, ബി.എം.എഫ്.സി, എല്ലാ ലാബുകൾക്കും
9. ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം, കോഴിക്കോട്, എറണാകുളം
10. ആർ.റ്റി.റ്റി.സി, വെള്ളായണി, ആർ.എ.റ്റി.റ്റി.സി, എഫ്.റ്റി.സി, എല്ലാ മാർക്കറ്റുകളിലും.
11. കെ.എസ്.എസ്.ഡി.എ, എസ്.എച്ച്.എം, എസ്,എഫ്.എസ്, പി.പി.എം.സെൽ, കോക്കനട്ട് സീഡ് അതോറിറ്റി, വടകര, കെ.സി.പി.പി.ഡി.എം മങ്കൊമ്പ്, കെ.എസ്.എസ്.ഡി.എ, തൃശ്ശൂർ
12. ഈ ഓഫീസിലെ എല്ലാ സെക്ഷനുകൾക്കും
13. ഐ.റ്റി.സെക്ഷൻ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).